**Circular No: 147**
**Implementation of**
**Council decisions**

The Catholic Metropolitanís
House
P.B.No.71, Kottayam
Kerala, India - 686001

Date: 26-02-2014

പ്രിയ ബഹു. അച്ചാ, ദൈവജനമേ,

നമ്മുടെ അതിരൂപതയിലെ ഔദ്യോഗിക സമിതികളുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് താഴെപറയുന്ന തീരുമാനങ്ങൾ ഔദ്യോഗികമായി നൽകുന്നു.

(1) 2012 ജൂലൈ 18-ാം തീയതിയിലെ അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ശുപാർശ പ്രകാരം ഇട വകകളിലെ പ്രധാന തിരുനാളുകളുടെ പ്രദക്ഷിണത്തിന് ബാന്റ് സെറ്റ്/വാദ്യമേളങ്ങൾ എന്നിവ 200 നു മേൽ കുടുംബങ്ങൾക്ക് രണ്ട് സെറ്റും അതിൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകകൾക്ക് നാലു സെറ്റും വരെ പരിധി നിശ്ചയിച്ചു പുനഃക്രമീകരിക്കുന്നതിന് അനുവദിക്കുന്നു.

(2) ഇടവകയുടെ മുൻ കൊല്ലത്തെ വാർഷിക വരുമാനത്തിന്റെ നാലിലൊന്നോ അല്ലെങ്കിൽ 1,00,000 (ഒരുലക്ഷം) രൂപയോ ഇവയിൽ ഏതു തുകയാണോ കുറവ് അത് ചിലവിടുന്നതിന് പൊതുയോഗത്തിന് / പാരീഷ് കൗൺസിലിന് തീരുമാനമെടുക്കാവുന്നതാണ്.

(3) 06-01-2014 ലെ 144-ാം സർക്കുലർ പ്രകാരം അഭിവന്ദ്യമാർ മാത്യു മാക്കീൽ പിതാവിന്റെ ചരമശ താബ്ദി ആഘോഷങ്ങളുടെ ചിലവിലേക്കായി ജനുവരി 19-ാം തീയതി നടത്തിയ സ്തോത്രകാഴ്ച എത്രയും വേഗം അതിരൂപത കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

(4) 2012 മെയ് 12-ാം തീയതിയിലെ പാസ്റ്ററൽ കൗൺസിൽ തീരുമാനമനുസരിച്ച് വിയാനിഹോമിൽ പുതുതായി പണിയാനിരിക്കുന്ന ബ്ലോക്കിന്റെ നിർമ്മാണ ചിലവുകൾക്കായി 2014 മുതൽ മൂന്നു കൊല്ലത്തേയ്ക്ക് ഇടവകകളിലെ വാർഷിക തിരട്ടിന്റെ 3% തിരട്ടിനൊപ്പം അതിരൂപത പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതാണ്.

ഈ തീരുമാനങ്ങളുമായി എല്ലാവരും സ്നേഹപൂർവ്വം സഹകരിക്കുമല്ലോ.

പ്രാർത്ഥനാശംസകളോടെ

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത